LIBRARY ARCHIVES Kerala Legislative Assembly

ജലസംരക്ഷണം

202 (910) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസംരക്ഷണവും പരിപാലനവും ഫലപ്രദമായി നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

ഉത്തരം

(എ) ജലസേചന വകുപ്പ് :

ജലസംരക്ഷണവും പരിപാലനവും ഉറപ്പു വരുത്തുന്നതിനായി കുളങ്ങൾ, ചിറകൾ, കായലുകൾ, നദികൾ, തോടുകൾ എന്നിവയുടെ സംരക്ഷണ പരിപാലന പദ്ധതികൾ ജലസേചന വകുപ്പ് നടപ്പിലാക്കിവരുന്നു. പാലക്കാട്, പത്തനംതിട്ട ജില്ലകളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയായ ' RRR of Waterbodies' അനുസരിച്ച് കുളങ്ങളുടെ നവീകരണ പദ്ധതി നടപ്പിലാക്കി. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി സംസ്ഥാന ബഡ്ജറ്റ് വിഹിത ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ട്. കായലുകൾ, തടാകങ്ങൾ എന്നിവയുടെ പരിപാലനത്തിനായി തയ്യാറാക്കിയ 'മാനേജ്മെന്റ് ആക്ഷൻ പ്ലാൻ' (CWRDM കോഴിക്കോട്) അനുസരിച്ചുള്ള പദ്ധതികളും ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നു. നദികളുടെ നീരൊഴുക്ക് നിലനിർത്തുന്നതിനായി നദീതട അടിസ്ഥാനത്തിലാണ് ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണ പദ്ധതികൾ നിർവ്വഹിച്ചുവരുന്നത്. നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി തടയണകളും നിർമ്മിച്ചു

വരുന്നു. ജലസംരക്ഷണ പപരിപാലനത്തിന്റെ ഭാഗമായി നദികളിലെ നീരൊഴുക്ക് രേഖപ്പെടുത്തുന്നതിനായി 'ഹൈഡ്രോളജി പ്രോജക്ട്' നിലവിലുണ്ട്. പ്രസ്തുത വിവര ശേഖരണത്തിലൂടെ ലഭ്യമാകുന്ന വിവരങ്ങളും ജലസംരക്ഷണ പരിപാലന പദ്ധതി രൂപീകരണത്തിൽ ഉപയോഗപ്പെടുത്താറുണ്ട്. ജലമലിനീകരണവും ഉപ്പുവെള്ളം കയറുന്നതും തടയുന്നതിനായി 'റെഗുലേറ്ററുകൾ' നിർമ്മിക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നു. കൂടാതെ AIBP/ERM പദ്ധതികൾ വഴി ജലനഷ്ടം കുറയ്ക്കുന്നതിനും പദ്ധതിയുടെ ഗുണഭോക്തൃപ്രദേശം വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികളും സാമ്പത്തിക ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു. ജലസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ജലസ്രോതസ്സുകളുടെ വിവര ശേഖരണം ജി.ഐ.എസ്. സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഡാറ്റാബാങ്ക് ഉണ്ടാക്കുന്ന പ്രവർത്തനവും നടന്നുവരുന്നു.

ഭൂജല വകുപ്പ് :

ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജലസംപോഷണത്തിനുമായി ഭൂജല വകുപ്പ് ' ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്.

കേരള വാട്ടർ അതോറിറ്റി :

കടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്ന നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയുവാനായി നദികളിൽ തടയണകൾ കെട്ടി ജല അതോറിറ്റി സംരക്ഷിക്കുന്നുണ്ട്. ജല സ്രോതസ്സുകൾ വേലി കെട്ടിയും ജലസ്രോതസ്സുകളുടെ പരിപാലനത്തിനും സംരക്ഷണത്തിനുംവേണ്ടി ജനങ്ങളെ ബോധവൽക്കരിക്കുവാനായി പരസ്യ ബോർഡുകൾ സ്ഥാപിച്ചും സ്രോതസ്സുകൾ സംരക്ഷിക്കുവാനായി നടപടികൾ സ്വീകരിച്ചു വരുന്നു.

ജലനിധി :

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ജലസംരക്ഷണവും പരിപാലനവും നടപ്പാക്കുന്നതിന് ജി.ഡബ്ല്യു.ആർ. പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഓരോ പഞ്ചായത്തിനും 30 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. (പഞ്ചായത്ത് 20%-വും സർക്കാർ 80%-വും);

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്ടുള്ള പെരുവണ്ണൂർ ഗ്രാമപഞ്ചായത്തിലും കാസർഗോഡുള്ള പുത്തിഗെ ഗ്രാമ പഞ്ചായത്തിലും ജല സംരക്ഷണത്തിനുള്ള പദ്ധതികൾ പൂർത്തിയായി വരുന്നു. പദ്ധതിവിഹിതം ഇല്ലാത്ത പഞ്ചായത്തുകൾക്ക് NRDWP-യുടെ sustainability fund-ൽ നിന്നും ഫണ്ട് കണ്ടെത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ജലസേചന വകുപ്പ് :

നദീതട/നീർത്തട അടിസ്ഥാനത്തിലാണ് ജല സ്രോതസ്സുകളുടെ സംരക്ഷണ പരിപാലന പദ്ധതികൾ നിലവിൽ നിർവ്വഹിച്ചുവരുന്നത്. ജലസേചന ശേഷി വർദ്ധിപ്പിക്കുന്നതിനൊപ്പം ജലപരിപാലനത്തിനും ഊന്നൽ നൽകാൻ കഴിയുന്നു. ഇതുവഴി ഭൂഗർഭ ജലവിതാനം ക്രമാതീതമായി താഴാതെ സംരക്ഷിക്കാൻ കഴിയുന്നു. നെൽക്കൃഷിയിൽ കുറവ് വന്നിട്ടുണ്ടെങ്കിലും മറ്റ് കാർഷിക വിളകൾക്ക് ആവശ്യമായ ജലം എത്തിക്കാൻ കഴിയുന്നു. ജലമലിനീകരണം തടയുക/ലഘൂകരിക്കുക, ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ സഹകരണവും പൊതുജന പങ്കാളിത്തവും വർദ്ധിപ്പിക്കുക എന്നിവയും പദ്ധതികളുടെ ലക്ഷ്യത്തിൽപ്പെടുന്നു.

ഭൂജല വകുപ്പ് :

ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തടയണകൾ, അടിയണകൾ, റീച്ചാർജ്ജ് പിറ്റുകൾ ഇറന്ന കിണറുകൾ വഴിയുള്ള കിണർ റീച്ചാർജ്ജിംഗ് എന്നിവ നടപ്പിലാക്കി വരുന്നു. ഇത് ഭൂജലത്തിന്റെ നിരപ്പ് ഉയർത്താനും അതുവഴി വരൾച്ച ഒരു പരിധിവരെ കുറയ്ക്കാനും സാധ്യമാകുന്നു. സംസ്ഥാനത്തെ ഓരോ ബ്ലോക്കിലേയും ഭൂജലലഭ്യത, വിനിയോഗം, ബാക്കി ഉപയോഗയോഗ്യമായ ജലലഭ്യത, ചൂഷണവും അമിത ഉപഭോഗവും നടക്കുന്നവ എന്നിവയെക്കുറിച്ച് ശാസ്ത്രീയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

കേരള വാട്ടർ അതോറിറ്റി :

കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ജലലഭ്യതയും ഉറപ്പുവരുത്തുകയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

ജലനിധി :

ജലസംരക്ഷണവും ഭൂഗർഭ ജലപരിപോഷണവും ആണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ, gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവുചാൽ നിർമ്മാണം), sub-surface dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കി പാഴായിപ്പോകുന്ന മഴവെള്ളത്തെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ജലസേചന വകുപ്പ് :

പദ്ധതികളുടെ ഗുണഭോക്താക്കൾക്കു പുറമേ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളായ സി.ഡബ്ല്യു.ആർ.ഡി.എം, എൻ.സി.ഇ.എസ്.എസ് തുടങ്ങിയ വയുടെ സഹായസഹകരണം ആവശ്യമായ അവസരങ്ങളിൽ ലഭ്യമാക്കാറുണ്ട്.

ഭൂജല വകുപ്പ് :

ഭൂജലവകുപ്പിന് കീഴിലുള്ള സ്കീമുകൾ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കി വരുന്നത്.

കേരള വാട്ടർ അതോറിറ്റി :

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നത്.

ജലനിധി :

ഗ്രാമപഞ്ചായത്തുകളും ഗുണഭോക്തൃ സമിതികളുമാണ് പദ്ധതിയുമായി സഹകരിക്കുന്നത്. ഗുണഭോക്തൃ സമിതികളും പഞ്ചായത്തു സമിതികളുമാണ് നിയമാനുസൃതമായി Tender/Labour contract എന്നിവ വിളിച്ച് പണി നടപ്പിലാക്കി പൂർത്തീകരിക്കുന്നത്.

(ഡി) ജലസേചന വകുപ്പ് :

പദ്ധതി രേഖകൾ കേന്ദ്ര-സംസ്ഥാന സർക്കാർ മാർഗ്ഗരേഖകൾ അനുസരിച്ചും ശാസ്ത്രീയമായും തയ്യാറാക്കുന്നതിന് (ജി.ഐ.എസ്-ജി.പി.എസ്. സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നത് ഉൾപ്പെടെ) വേണ്ട പരിശീലന പരിപാടികൾ ഐ.എം.ജി തിരുവനന്തപുരം, സി.ഡബ്ല്യു.സി. സി.ഡബ്ല്യു.ആർ.ഡി.എം. കെ.എസ്.ആർ.എസ്. ഇ.സി. നാഷണൽ വാട്ടർ അക്കാദമി, പൂനെ തുടങ്ങിയ സ്ഥാപനങ്ങൾ വഴി ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് പദ്ധതികൾ ഏറ്റെടുക്കുന്നതിന് സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭൂജല വകുപ്പ് :

ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിക്കായി 2011-12 സാമ്പത്തികവർഷം 50 ലക്ഷം രൂപയും 2012-13 -ൽ 50 ലക്ഷം രൂപയും 2013-14-ൽ 60 ലക്ഷം രൂപയും 2014-15-ൽ 70 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ യഥാക്രമം 49 ലക്ഷം, 44 ലക്ഷം, 58.5 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലെ പദ്ധതികൾ നടപ്പാക്കിവരുന്നു. ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്ന പദ്ധതിയിലും ആവശ്യമായ ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി :

ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ജലനിധി :

പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിൽ പ്രവത്തിച്ചു വരുന്ന സഹായസംഘടനയുടെ എഞ്ചിനീയർമാരും ജലനിധിയുടെ എഞ്ചിനീയർമാരും ചേർന്ന് GWR proposals, estimates എന്നിവ ഉണ്ടാക്കുകയും റീജിയണൽ ഓഫീസിൽ നിന്നും സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നു.

വെള്ളക്കരം വർദ്ധന

203 (911) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് അവതരണസമയത്ത് മുൻകൂട്ടി കാണാൻ കഴിയാതിരുന്ന എന്തു സാഹചര്യമാണ് കുടിവെള്ള വില വർദ്ധന അടിയന്തരമായി നടപ്പിലാക്കാൻ കാരണമായത് ;

(ബി) ഓരോ സ്ലാബിലുമുള്ളവർക്ക് എത്ര ശതമാനം വീതമാണ് വില വർദ്ധന നടത്തിയിരിക്കുന്നതെന്നും ഇതുവഴി സമാഹരിക്കാൻ ലക്ഷ്യമിടുന്ന അധിക തുകയെത്രയാണെന്നും അറിയിക്കാമോ ; വെള്ളക്കരം കുടിശ്ശിക എത്ര കോടി പിരിഞ്ഞു കിട്ടാനുണ്ട് ;